## പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1446 15.02.2016-ൽ മറുപടിയ്ക്ക്

**പന്തൽ, ടെന്റ്, ലൈറ്റ് & സൗണ്ട് തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി |
| **എ)** സംസ്ഥാനത്തെ പന്തൽ ടെന്റ്, ലൈറ്റ് & സൗണ്ട് എന്നീ മേഖലകളിലെ തൊഴിലാളികളെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | **(എ)** കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിലെ കലാ സാംസ്കാരിക പ്രവർത്തകൻ എന്ന നിർവചനത്തിൽ പന്തൽ അലങ്കാരം, ലൈറ്റ് & സൗണ്ട് എന്നിവയും ഉൾപ്പെടുന്നു. അതിനാൽ അവർക്ക് ക്ഷേമനിധിയിൽ അംഗത്വത്തിനായി അപേക്ഷിക്കാവുന്നതാണ്. |
| **ബി)** എങ്കിൽ ഇവർക്ക് ക്ഷേമനിധി അംഗത്വം ലഭ്യമാക്കി ഉത്തരവായിട്ടുണ്ടോ; ഇതിനായി എത്രപേർ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | **(ബി)** പന്തൽ അലങ്കാരം, ലൈറ്റ് & സൗണ്ട് എന്നീ മേഖലയിൽ നിന്നും 128 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ അംഗത്വം നൽകിയിട്ടില്ല. |
| **സി)** ഇവർക്ക് ക്ഷേമനിധി അംഗത്വം എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | **(സി)** ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിനായി അപേക്ഷകർ കലാസാംസ്കാരിക പ്രവർത്തക രംഗത്തുള്ളവരാണെന്നുള്ളതിന്, ആക്ട് നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള അക്കാദമികളോ അല്ലെങ്കിൽ കലാപ്രവർത്തനം നടത്തുന്ന ട്രേഡ് ബോഡികളോ ശുപാർശ ചെയ്യേണ്ടതുണ്ട്. പന്തൽ അലങ്കാരം, ലൈറ്റ് & സൗണ്ട് മേഖലയിൽ നിന്നുള്ള അപേക്ഷകളിന്മേൽ ഇത്തരം ശുപാർശ ലഭിക്കാത്തതിനാൽ അംഗത്വം നൽകുന്ന കാര്യം പരിഗണിക്കാനായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**